"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ്-കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഭവനസമുന്നതി (വീടുകളുടെ പുനരുദ്ധാരണം) പദ്ധതിയ്ക്ക് അവസാന ഗഡുവായി 2.45 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1131/2025/GAD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:- 1) സ.ഉ(സാധ) നം 3358/2024/പൊഭവ തീയതി 27.07.2024

2) സ.ഉ(സാധ) നം 3617/2024/പൊഭവ തീയതി 13.08.2024

3) മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/01/2025 ലെ 175/A2/2024/KSWCFC നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ഭവനസമുന്നതി (വീടുകളുടെ പുനരുദ്ധാരണം) പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ നിന്നും 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ എം.ഡി ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി ആദ്യ ഗഡുവായി 105 ലക്ഷം രൂപ പരാമർശം 2 പ്രകാരം അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു. അനുവദിച്ച തുക വിനിയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി ബാക്കിയുള്ള 2.45 കോടി രൂപ (രണ്ട് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) കൂടി അടിയന്തിരമായി കോർപ്പറേഷന് അനുവദിച്ചു നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന ഭവനസമുന്നതി (വീടുകളുടെ പുനരുദ്ധാരണം) പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ ഭരണാനുമതി പ്രകാരം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അവസാന ഗഡുവായി 2,45,00,000/- രൂപ (രണ്ട് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ചുവടെപ്പറയുന്ന ഫണ്ട് റിലീസിന്റെ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

| | |
|---|---|
| * | GO(P)62/2018/Fin dated 16/04/2018 ലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കുവാൻ പാടുള്ളൂ. |
| * | 09/12/2008 ലെ സർക്കുലർ നം. 84/08/ധന. 30/01/2018 ലെ സർക്കുലർ നം. 08/2018/ധന. എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020ലെ സ.ഉ(കൈ) 04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് |

| | |
|---|---|
| * | തിരിച്ചടക്കേണ്ടതാണ്. |

3. പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ നിന്നും 2.45 കോടി രൂപ (രണ്ട് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) പിൻവലിച്ച് മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no. 799012700000550) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ് പട്ടം, തിരുവനന്തപുരം
ആസൂത്രണസാമ്പത്തിക കാര്യ (BPE) വകുപ്പ്
ധനകാര്യ(പി.യു.സി) വകുപ്പ് (PU-C3/109/2024-FIN തീയതി 13/03/2025.)
പൊതുഭരണ (അക്കൗണ്ട്സ് ജെ ) വകുപ്പ് (3 പകർപ്പുകൾ)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 15-03-2025 11:23:40